കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാള ഗ്രാമപഞ്ചായത്ത്

## 2016-17

## ഓഡിറ്റ് റിപ്പോർട്ട്

# ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-ടി.എസ്.ആർ.പി4-1417/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 4.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം - മാള ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

................

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെയും ഭാഗം 3 ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ്

സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം

സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-ടി.എസ്.ആർ.പി4-1417/2017 തിയ്യതി 4-10-2017

# തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ മുതൽ തിയ്യതി 10.8.2017വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 31.3.17 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ. യു. ചേക്കുട്ടി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.8.2017 മുതൽ<br>19.8.2017 വര |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. ഷീന. കെ. ടി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. സിജ്ഞ. പി. ഡാംസൺ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സുമിത. ടി. എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ധന്യ. എ. സുരേന്ദ്രൻ | ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | കാലയളവ് |

| | |
|---|---|
| ശ്രീ.കെ.പി. സുകുമാരൻ | 1.4.2016 മുതൽ<br>31.3.2017 വരെ |
| സെക്രട്ടറി | |
| എസ്. കൃഷ്ണകുമാരി | 1-4-2016 മുതൽ 20-7-16 വരെ |
| ശ്രീ. പി. എസ്. ശ്രീകാന്ത് | 20-7-16 മുതൽ 17-9-16 വരെ |
| ശ്രീമതി.എസ്. കൃഷ്ണകുമാരി | 17-9-2016 മുതൽ 22-10-2016 വരെ |
| ശ്രീ.പി.എസ്. ശ്രീകാന്ത് | 24-10-16 മുതൽ 22-12-16 വരെ |
| ശ്രീമതി.ശ്രീദേവി. സി. പി. | 23-12-16 മുതൽ 31-3-17 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.റാഷി.എ.ആർ. | 1.04.2016 മുതൽ 17.10.2016 വരെ |
| | ശ്രീ.ജോർജ്ജ് ജോസഫ് (അധിക ചുമതല) | 18.10.2016 മുതൽ 28.10.2016 വരെ |
| | ശ്രീ.റാഷി.എ.ആർ. | 29.10.2016 മുതൽ 28.11.2016 വരെ |
| | ശ്രീ.ജോർജ്ജ് ജോസഫ് (അധിക ചുമതല) | 29.11.2016 മുതൽ 24.12.2016 വരെ |
| | ശ്രീ.റാഷി.എ.ആർ. | 25.12.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.ജോർജ്ജ് പ്രശാന്ത്. | 1.04.2016മുതൽ 02.11.2016വരെ |
| | മുഹമ്മദ് ഹാരിസ് പി.ഐ (അധിക ചുമതല) | 03.11.2016 മുതൽ 01.03.2017 വരെ |
| | സൈറ ബാനു വി.കെ (അധിക ചുമതല) | 02.03.2017 മുതൽ 31.03.2017 |

| | | |
|---|---|---|
| | | വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. കുണ്ടൂർ | എം.ആർ. കോമളവല്ലി | 01.04.2016 മുതൽ 31.3.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.രാഖി | 1.06.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.സിൽവി.കെ.ഡി. | 1.04.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ,<br>അലോപ്പതി | ഡോ.പി.എസ്. ആശ | 1.04.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ,<br>ആയുർവ്വേദം | ഡോ.സിനി ചന്ദ്രൻ | 1.04.2016 മുതൽ 31.3.2017വരെ |
| മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | ഡോ. ബീന സക്കറിയ | 1.04.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ.(മാള) | ശ്രീമതി.വഹീതബീബി. പി.എ. | 1.04.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ. (അഷ്ടമിച്ചിറ) | ജയശ്രീ. എം. ജി. | 1.04.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീകാന്ത്.പി.എസ് | 1.4.16 മുതൽ 9.1.2017 FN വരെ |
| | ഷാജി.കെ.കെ | 9.1.2017 AN മുതൽ 31.3.2017 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | വിധു. വി. എസ്. | 1.04.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം- 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ | 1-3 |

| | | |
|---|---|---|
| | വിവരം. | |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| ഭാഗം- 2 | | |
| 11 | വാണിജ്യ കെട്ടിടം നിലം നികത്ത് ഭൂമിയിൽ-കെട്ടിട നമ്പർ നൽകി | 2-1 |
| 12 | കെട്ടിട നിർമ്മാണ പെർമ്മിറ്റ് -ന്യൂനതകൾ പരിഹരിക്കാതെ പെർമ്മിറ്റ് അനുവദിച്ചത് സംബന്ധിച്ച്. | 2-2 |
| 13 | അഗ്നി ശമന ഡയറക്ടറുടെ അംഗീകാര സർട്ടിഫിക്കറ്റ് ഇല്ലാതെ കെട്ടിടം റഗുലറൈസ് ചെയ്ത് നൽകി. | 2-3 |
| 14 | മൊബൈൽ ടവർ -വസ്തു നികുതി കുടിശ്ശിക | 2-4 |
| 15 | ടെണ്ടർ ഫീ- ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ലഭിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. | 2-5 |
| 16 | ലൈസൻസ് ഫീസ് കുറവ് ഈടാക്കിയിരിക്കുന്നു | 2-6 |
| 17 | വാടക കുടിശ്ശിക അടവാക്കിയിട്ടില്ല | 2-7 |
| 18 | മാർക്കറ്റ് കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിൽ | 2-8 |
| ഭാഗം – 3 | | |
| 19 | പെഡൽ ബോട്ടുകൾ ഉപയോഗിക്കുന്നില്ല | 3-1 |
| 20 | മാലിന്യം നീക്കം ചെയ്യുന്നതിന് വാഹനം വാങ്ങൽ-പഴയ വാഹനം ലേലം ചെയ്തിട്ടില്ല. | 3-2 |
| 21 | തെരുവ് വിളക്ക്-നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് വൈദ്യുതി ചാർജ് അടവാക്കുന്നു. | 3-3 |
| 22 | പ്രിന്റിംഗ് ജോലികൾക്കായി കോൺട്രാക്ട് നൽകിയ സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല | 3-4 |
| 23 | വയോജന ക്ഷേമ പ്രവർത്തനങ്ങൾ- മാർഗ്ഗരേഖക്ക് വിരുദ്ധം | 3-5 |
| 24 | ബാലസഭ-സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക തുക ചെലവഴിച്ചു. | 3-6 |
| 25 | വിനിയോഗ സാക്ഷ്യ പത്രം ഇല്ല | 3-7 |

| | | |
|---|---|---|
| 26 | ആയുർവേദ മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല. | 3-8 |
| 27 | ജനറേറ്റർ വാങ്ങൽ-അപാകതകൾ | 3-9 |
| 28 | ഓഡിയോ വിഷ്വൽ റൂം സജ്ജീകരിക്കൽ | 3-10 |
| 29 | പ്രതിരോധ കുത്തിവെയ്പ്പ് /പാലിയേറ്റീവ് പ്രോഗ്രാം വാഹന വാടക -ഒരേ വ്യക്തിക്ക് രണ്ട് പദ്ധതിയിലും ഒരേ ദിവസം തുക നൽകി. | 3-11 |
| 30 | പെയ്ൻ ആന്റ് പാലിയേറ്റീവ് -അപാകതകൾ | 3-12 |
| 31 | ആശ്രയ പദ്ധതിയിൽ ഭവന പുനരുദ്ധാരണം-ചെലവ് രേഖകൾ ഇല്ല | 3-13 |
| 32 | അംഗൻവാടിയിലേക്ക് ഫർണിച്ചർ വാങ്ങൽ- കസേരകൾ വാങ്ങിയത് ഭൗതിക പരിശോധനയിൽ കുറവ് | 3-14 |
| 33 | സീനിയർ വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായ പ്രത്യേക കന്നുകുട്ടി പരിപാലനം -വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. | 3-15 |
| 34 | അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ കാട്ടിക്കുന്ന്, ആനപ്പാറ സാംസ്കാരിക നിലയത്തിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ പ്രോജക്ട് ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങി | 3-16 |
| 35 | ആശ്രയ അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പ് | 3-17 |
| 36 | കംഫർട്ട് സ്റ്റേഷന് വേണ്ടി കുഴൽകിണർ നിർമ്മാണം -കംഫർട്ട് സ്റ്റേഷൻ പ്രവർത്തന ക്ഷമമായിട്ടില്ല. | 3-18 |
| 37 | ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായില്ല. | 3-19 |
| ഭാഗം - 4 | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-3 |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 47 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 1-3-2016 തിയ്യതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് 185497061.97 രൂപയും ചെലവ് 176489798 രൂപയുമാണ്. റിവൈസ്ഡ് ബജറ്റ് 27.03.2017ലെ (1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തിയ്യതി |
|---|---|---|
| 2016 - 2017 | 31/07/17 | 24-7-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1)വസ്തുനികുതി രജിസ്റ്റർ മാനുവൽ ആയി സൂക്ഷിക്കുകയോ സാംഖ്യ/സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഏകീകരണം പൂർത്തീകരിക്കുകയോ ചെയ്യാത്തതിനാൽ വാർഷിക കണക്കിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

2)2016-17 സാമ്പത്തിക വർഷത്തിൽ 1,88,132/- രൂപ ഡെപ്പോസിറ്റ് വർക്കുകൾക്കായി വിവിധ ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. 31/3/2017ൽ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലാത്തതും ഏജൻസികളിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ Advance to implementing agencies എന്ന ശീർഷകത്തിൽ മുൻകൂർ ആയി രേഖപ്പെടുത്താതെ, പ്രവർത്തി പൂർത്തീകരിക്കുന്നതിനു മുമ്പ് തന്നെ ബന്ധപ്പെട്ട ആസ്തി/ചെലവ് ശീർഷകത്തിൽ തുക ചെലവഴിച്ചതായി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

3)സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 പ്രകാരം 8,14,554/- രൂപയാണ്. പ്രസ്തുത തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, വാർഷിക കണക്കിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രിക, റസീപ്റ്റ് ആന്റ് പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9848097.97 |
| വരവ് | 64531230.00 |
| ആകെ | 74379327.97 |
| ചെലവ് | 54748053.00 |
| നീക്കിയിരിപ്പ് | 19631274.97 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | വരവ് | ആകെ | ചെലവ് | ലാപ്സായത് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസന ഫണ്ട് | 13138785 | 13138785 | 9481024 | 3657761 | 72.16 |
| വികസന ഫണ്ട് എസ്.സി.പി | 8877177 | 8877177 | 6960118 | 1917059 | 78.4 |
| ടി.എസ്.പി | 48183 | 48183 | - | - | - |
| ധനകാര്യ കമ്മീഷൻ | 7368479 | 7368479 | 1944833 | 5423646 | 26.39 |
| ലോകബാങ്ക് | 3858690 | 3858690 | 954894 | 2903796 | 24.74 |
| റോഡ് | 7477059 | 7477059 | 907323 | 6569736 | 12.13 |
| നോൺ റോഡ് | 35822162 | 35822162 | 1841530 | 33980632 | 5.14 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|

| | | | (എണ്ണം) | ശതമാനം |
|---|---|---|---|---|
| 194 | 109 | 72 | 13 | 56.18 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 11523061 | 12117995 | +594934 | +5.16 |
| നികുതിയേതര വരവുകൾ | 952460 | 3037619 | +2085159 | +218.92 |
| മറ്റിനം | 512435 | 958946 | +446511 | +87.13 |
| ആകെ | 12987956 | 16114560 | +3126604 | +24.07 |

# 1-8 ക്ഷേമപദ്ധതികൾ

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 82080 | 98 |
| 2 | തൊഴിൽരഹിത വേതനം | 6545980 | 754 |
| 3 | വിധവാപെൻഷൻ | 13190540 | 1385 |
| 4 | വികലാംഗപെൻഷൻ | 3215925 | 368 |
| 5 | 50 വയസ്സിന് മേൽ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 762800 | 83 |
| 6 | വാർദ്ധക്യകാല പെൻഷൻ | 19919020 | 2278 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.2017-ാം തിയ്യതി സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 36437/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.06.2017 | ജൂൺ 2017 | ലഭിച്ചിട്ടില്ല | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.12.2003 മുതൽ 20.12.2003 വരെ | 2003-2008 | 7.04.2014 | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യ കെട്ടിടം നിലം നികത്ത് ഭൂമിയിൽ-കെട്ടിട നമ്പർ നൽകി

ഫയൽ നമ്പർ-എഫ്-9818/16

കെട്ടിട നമ്പർ-15/579 എ മുതൽ എം വരെ

ശ്രീമതി. ആസില റാസിയ ആലങ്ങാട്ടുകാരൻ എന്ന വ്യക്തിയുടെ വാണിജ്യ കെട്ടിടം നിലം നികത്ത് ഭൂമിയിലെ നിർമ്മാണമാണ്. വടമ വില്ലേജ് സർവ്വെ 606 ൽ നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിച്ചുകൊണ്ടുള്ള ഫയലിലെ പഞ്ചായത്ത് സെക്രട്ടറിയുടെ ഉത്തരവ് നമ്പർ എച്ച്/1307/16/25.4.2016 പ്രകാരം പ്രസ്തുത സ്ഥലത്തിനടുത്ത് സർക്കാർ കെട്ടിടവും മറ്റു കെട്ടിടവും നിലവിലുള്ളതിനാൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ സർക്കാർ കെട്ടിടവും മറ്റ് കെട്ടിടവും അടുത്തുള്ളത് അനുമതി നൽകുവാൻ സാധൂകരണമാണെന്നത് സംബന്ധിച്ച് ഉത്തരവ് ഹാജരാക്കിയിട്ടില്ല.

2.നമ്പറിങ്ങ് ഫയലിൽ സെക്രട്ടറി മേലുദ്യോഗസ്ഥൻമാരുമായി നടത്തിയ ചർച്ചകളുടെ അടിസഥാനത്തിലും ആണ് നമ്പറിങ്ങ് നൽകുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രേഖാ മൂലമുള്ള നിർദ്ദേശങ്ങൾ ലഭ്യമായതായി ഫയലിൽ ഇല്ല.

3.കേരള സംസ്ഥാന ഓഡിററ് വകുപ്പിന്റെ 2015-16 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1 പ്രകാരം പെർമ്മിറ്റ് നൽകിയത് സംബന്ധിച്ച് ഓഡിറ്റ് പരാമർശത്തിൻമേൽ സാധൂകരണം വാങ്ങാതെ തന്നെ നമ്പർ നൽകിയതായി കാണുന്നു.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-

11/18.8.2017)മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. നിയമവിരുദ്ധമായി പെർമിറ്റ് നൽകുകയും കെട്ടിടത്തിന് നമ്പർ നൽകിയതും ശരിയായ നടപടി അല്ല.

## 2-2 കെട്ടിട നിർമ്മാണ പെർമ്മിറ്റ് -ന്യൂനതകൾ പരിഹരിക്കാതെ പെർമ്മിറ്റ് അനുവദിച്ചത് സംബന്ധിച്ച്.

ഫയൽ നമ്പർ-എഫ്-10033/16

കെട്ടിട നിർമ്മാണ പെർമ്മിറ്റിനായി സെന്റ് തെരാസെസ് ആർട്സ് ആന്റ് സയൻസ് കോളേജ് 25.11.2016 ൽ അപേക്ഷ സമർപ്പിക്കുകയും ഭിന്നശേഷിക്കാർക്കുള്ള ടോയ്ലറ്റ് ,കാർ പാർക്കിങ്ങ് എന്നിവ ഡ്രോയിങ്ങിൽ രേഖപ്പെടുത്തിയിട്ടില്ല എന്ന ന്യൂനത ഉള്ളതിനാൽ അപാകത പരിഹരിക്കുന്നതിനായി നിർദ്ദേശിച്ച് നിരസിക്കുകയും ചെയ്തിരുന്നു.തുടർന്ന് 25.1.2017 ൽ പ്ളാൻ പുന സമർപ്പിച്ചപ്പോൾ എഫ് /10033 /17/27.1.2017 ആയി പെർമ്മിറ്റ് അനുവദിക്കുകയും ചെയ്തു. എന്നാൽ പുന സമർപ്പിക്കപ്പെട്ട പ്ളാനിലും ഭിന്നശേഷിക്കാർക്കുള്ള ടോയ്ലറ്റ് ,കാർ പാർക്കിങ്ങ് എന്നിവ ഡ്രോയിങ്ങിൽ രേഖപ്പെടുത്തിയിട്ടില്ല. ന്യൂനത പരിഹരിക്കാതെ പെർമ്മിറ്റ് നൽകിയത് ശരിയായ നടപടിയല്ല. അപാകത പരിഹരിക്കുന്നതിനായി നിർദ്ദേശം നൽകേണ്ടതാണ്.

## 2-3 അഗ്നിശമന ഡയറക്ടറുടെ അംഗീകാര സർട്ടിഫിക്കറ്റ് ഇല്ലാതെ കെട്ടിടം റഗുലറൈസ് ചെയ്ത് നൽകി.

ഫയൽ നമ്പർ-എഫ്-3225/16

കെട്ടിട നമ്പർ-16/275എ കെട്ടിടം റഗുലറൈസ് ചെയ്ത് നൽകുന്നതിനായി ശ്രീ. ജോസ്, കോട്ടാൻതുരുത്തി, മാള എന്നയാൾ സമർപ്പിച്ച അപേക്ഷ കാറ്ററിങ്ങ് യൂണിറ്റ് തുടങ്ങുന്നതിന് ആരംഭിച്ച കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനായി (136.66എം2) അപേക്ഷ സമർപ്പിക്കുകയും കെട്ടിടം റഗുലറൈസ് ചെയ്തു നൽകുകയും ചെയ്തു. അപേക്ഷയിൽ എഫ് കൈവശഗണം എന്നാണ് രേഖപ്പെടുത്തിയിരുന്നത്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 34(h) പ്രകാരം ജി1 ൽ ആണ് പ്രസ്തുത കെട്ടിടം ഉൾപ്പെടുന്നത്. ആയതിനാൽ ചട്ടം 59 (iiഎ) പ്രകാരം വ്യവസായിക കൈവശ ഗണങ്ങളുടെ കാര്യത്തിൽ അവയുടെ നിലകളുടെ എണ്ണം കണക്കാക്കാതെ തന്നെ പെർമ്മിറ്റ് നൽകുന്നതിന് മുൻപ് അഗ്നിശമന ഡയറക്ടറിൽ നിന്ന് /
അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്ന് അംഗീകാര സർട്ടിഫിക്കറ്റ്

വാങ്ങേണ്ടതാണ്. എന്നാൽ ഗ്രൂപ്പ് എച്ച്-ൽ ഉൾപ്പെടുത്തി പ്രസ്തുത സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് റഗുലറൈസ് ചെയ്ത് നൽകിയിരിക്കുന്നത്. അപാകത പരിഹരിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവർ -വസ്തു നികുതി കുടിശ്ശിക

പഞ്ചായത്ത് പരിധിയിൽ 18 മൊബൈൽ ടവറുകൾ ഉള്ളതിൽ കുടിശ്ശിക ഉള്ളതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കുടിശ്ശിക |
|---|---|
| 2/141 | 25578 |
| 6/234B | 31442 |
| 6/249 | 17920 |
| 6/302 | 38082 |
| 13/118 | 54264 |
| 13/502A | 340 |
| 14/553A | 6912 |
| 15/1119 | 17007 |
| 15/1217 | 28862 |
| 17/452 | 34650 |
| 17/462 | 27678 |
| 18/99 | 32356 |
| ആകെ | 315091/-രൂ |

കുടിശ്ശിക പിരിച്ചെടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 ടെണ്ടർ ഫീ- ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ലഭിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ 19 വർക്കുകൾ ഇ-ടെണ്ടറിംഗ് നടത്തിയിട്ടുണ്ട്. ടെണ്ടർ ഫീസ്, വാറ്റ് എന്നീ ഇനങ്ങളിൽ ആകെ

1,07,050/ രൂപാ ജില്ലാ പഞ്ചായത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. ഇതിൽ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-6 ലൈസൻസ് ഫീസ് കുറവ് ഈടാക്കിയിരിക്കുന്നു

കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം 200 കുതിരശക്തി വരെ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനത്തിൽ നിന്നും പരമാവധി 2000 രൂപ മോട്ടോർ ഫീസായി ഈടാക്കേണ്ടതും തുടർന്നു വരുന്ന ഓരോ കുതിരശക്തിക്കും 10 രൂപ വീതം ഈടാക്കാവുന്നതുമാണ്. എന്നാൽ താഴെ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കുറവ് തുകയാണ് ലൈസൻസ് ഫീസായി ഈടാക്കിയിരിക്കുന്നത്.

| ക്രമ നമ്പർ | സ്ഥാപനം | കുതിരശക്തി | ഫീസ് ഈടാക്കിയത് | ഫീസ് ഈടാക്കേണ്ടിയിരുന്നത്. | കുറവ് |
|---|---|---|---|---|---|
| 1 | സ്മ്ലാഷ് ഇസ്പാറ്റ് | 503 | 4000 | 5030 | 1030 |
| 2 | സെന്റ് ഫ്രാൻസീസ് ക്ളേ വർക്ക്സ് | 167 | 1000 | 2000 | 1000 |
| | | | | ആകെ | 2030 |

കറവ് വന്ന തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 വാടക കുടിശ്ശിക അടവാക്കിയിട്ടില്ല

ഷോപ്പിംഗ് കോംപ്ളക്സിലെ 60 കടമുറികളിൽ നിന്നും 31.3.2017 വരെ 113662 രൂപ വാടക കുടിശ്ശിക പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. പഞ്ചായത്ത് പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-8 മാർക്കറ്റ് കെട്ടിടങ്ങൾ ജീർണ്ണാവസ്ഥയിൽ

2016-17 സാമ്പത്തിക വർഷം ഫിഷ്/മീറ്റ് മാർക്കറ്റിലെ 20 കടമുറികൾ മൂന്ന് തവണ ലേലംചെയ്തു എങ്കിലും ആരും ലേലം കൊണ്ടിട്ടില്ല. ഓഡിറ്റ് ടീം 22-08-17ന് നടത്തിയ ഭൗതികപരിശോധനയിൽ ഷീറ്റ് മേഞ്ഞ പ്രസ്തുത കെട്ടിടം ഷീറ്റ് തുരുമ്പെടുത്തു നശിച്ച അവസ്ഥയിൽ കാണുകയുണ്ടായി. പഞ്ചായത്തിന്റെ വില്ലേജ് ഹട്ട്, ഇൻസിനറേറ്റർ,

പച്ചക്കറി മാർക്കറ്റ് എന്നിവ പ്രവർത്തിക്കുന്ന പ്രസ്തുത കോംപൗണ്ടിലെ കെട്ടിടങ്ങളിൽ, വില്ലേജ് ഹട്ട് ഒന്നാം നില മാത്രമേ പണി പൂർത്തീകരിച്ചിട്ടുള്ളൂ. രണ്ടാം നില പണി പൂർത്തീകരിക്കാത്ത നിലയിലാണ്. മാർക്കറ്റ് കെട്ടിടങ്ങളെല്ലാം തന്നെ വേണ്ടത്ര പൊതുജനശ്രദ്ധ കിട്ടാത്ത സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. ആവശ്യമായ ബോർഡുകൾ ഒന്നും തന്നെ സ്ഥാപിച്ചിട്ടില്ല. രണ്ട് ബയോഗ്യാസ് പ്ളാന്റുകൾ ഉണ്ടെങ്കിലും പ്രവർത്തിക്കാത്ത നിലയിലാണ്. മാർക്കറ്റ് കെട്ടിടങ്ങൾക്ക് ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി പഞ്ചായത്തിന് വരുമാന മാർഗ്ഗമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പെഡൽ ബോട്ടുകൾ ഉപയോഗിക്കുന്നില്ല

പഞ്ചായത്ത് 2014-15 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ 4 പെഡൽ ബോട്ടുകളുടെ ഇൻഷുറൻസ് തുക 10,624/-രൂ വൗച്ചർ നമ്പർ. 21600215/8.6.2016 പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ബോട്ടുകൾ നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 31.3.2017 ന് ശേഷം പ്രസ്തുത ബോട്ടുകൾ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. 2016-17 ൽ വാടകക്ക് നൽകിയിരുന്നുവെന്ന് അറിയിച്ചതെങ്കിലും വാടകക്ക് നൽകിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബോട്ടുകൾ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 മാലിന്യം നീക്കം ചെയ്യുന്നതിന് വാഹനം വാങ്ങൽ- പഴയ വാഹനം ലേലം ചെയ്തിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി നമ്പർ-80/16-17 ആയി മാലിന്യം നീക്കം ചെയ്യുന്നതിന് പുതിയ വാഹനം വാങ്ങിയിട്ടുണ്ട്. എന്നാൽ മാലിന്യം നീക്കം ചെയ്തിരുന്ന പഴയ വാഹനം (kl-8AD9066) ലേലം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി വാഹനം ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനം ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 തെരുവ് വിളക്ക്-നിലവിലില്ലാത്ത ഓർഡിനറി ബൾബുകൾക്ക് വൈദ്യുതി ചാർജ് അടവാക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, മാള-യുടെ കത്ത് പ്രകാരം, മാള ഗ്രാമപഞ്ചായത്തിൽ 40,60,100 വാട്സിലുള്ള യഥാക്രമം 471,181,6 സാധാരണ ബൾബുകൾ ഉള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ തെരുവ് വിളക്കുകളുടെ റിപ്പയർ സംബന്ധിച്ച ഫയൽ പരിശോധനയിൽ പഞ്ചായത്തിൽ ഓർഡിനറി ബൾബുകൾ ഉള്ളതായി കാണുന്നില്ല. നിലവിലില്ലാത്ത സാധാരണ ബൾബുകൾക്കായി പഞ്ചായത്തിൽ നിന്നും മാസം തോറും ഏകദേശം 46000/ രൂപ കെ. എസ്.ഇ.ബിയിലേയ്ക്ക് വൈദ്യുതി ചാർജായി അടയ്ക്കുന്നതായി കാണുന്നു. 12/2015 മുതൽ ഗ്രാമപഞ്ചായത്ത് മേൽ പറഞ്ഞ രീതിയിൽ ഓർഡിനറി ബൾബുകൾ ചാർജ് അടവാക്കി വരുന്നതായി കാണുന്നു. ഇത്തരത്തിൽ അധികമായി അടവാക്കിയ തുക വരുന്ന ബില്ലുകളിൽ ക്രമീകരിയ്ക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-4 പ്രിന്റിംഗ് ജോലികൾക്കായി കോൺട്രാക്ട് നൽകിയ സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല

പ്രിന്റിംഗ് ജോലികൾക്കായി കോൺട്രാക്ട് നൽകിയ ലിപി ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിന് താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങളുടെ പ്രന്റിംഗ് ജോലികളും ടി സ്ഥാപനം ചെയ്തതായി കാണുന്നു. പഞ്ചായത്തിലെ 2016-17 സാമ്പത്തിക വർഷത്തിലെ പദ്ധതി, പദ്ധതിയേതര അച്ചടി ജോലികളുടെ കരാർ നൽകിയിരിക്കുന്നത് ലിപി ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിനാണ്. ഈ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതമായ ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. ആദായ നികുതി നിയമം വകുപ്പ് 194(സി) പ്രകാരം 30,000/- രൂപ മുതലുള്ള ഓരോ കോൺട്രാക്റ്റിനും PAN ഉള്ളവരിൽ നിന്നും 1% നിരക്കിലും, ഇല്ലാത്തവരിൽ നിന്നും 20% നിരക്കിലും ആദായ നികുതി ഈടാക്കേണ്ടതാണ്. 2016-17 സാമ്പത്തിക വർഷത്തിൽ ഈ സ്ഥാപനത്തിന് അച്ചടി ജോലികൾക്കായി നൽകിയ മൊത്തം തുക കണക്കാക്കി ആനുപാതികമായ ആദായ നികുതി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

വൗച്ചർ നം.21600211, തിയ്യതി 4/6/2016—2000/രൂപ

വൗച്ചർ നം.21600456, തിയ്യതി 9/8/2016—1650/രൂപ

വൗച്ചർ നം.21600688,തിയ്യതി 15/10/ 2016---28100/ രൂപ

വൗച്ചർ നം.21600760, തിയ്യതി 3/11/2016—3000/ രൂപ

വൗച്ചർ നം.21600761, തിയ്യതി 3/11/2016----6000/രൂപ

വൗച്ചർ നം.21600762, തിയ്യതി 3/11/2016---1200/ രൂപ

വൗച്ചർ നം.21600803, തിയ്യതി 18/11/2016---1000/ രൂപ

വൗച്ചർ നം.21600877, തിയ്യതി 9/12/2016---1440/ രൂപ

വൗച്ചർ നം.21600890, തിയ്യതി 14/12/2016—9200/ രൂപ

വൗച്ചർ നം.21600986, തിയ്യതി 16/1/2017---15000/ രൂപ

വൗച്ചർ നം.21600987, തിയ്യതി 16/1/2017---5950/ രൂപ

വൗച്ചർ നം.21601107, തിയ്യതി 16/2/2017—3350/ രൂപ

വൗച്ചർ നം.2160108, തിയ്യതി 16/2/2017—1250/ രൂപ

മൊത്തം കോൺട്രാക്ടർക്ക് നൽകിയ തുക കണക്കാക്കി ടിയാളിൽ നിന്നും ആനുപാതികമായി ആദായനികുതി ഈടാക്കേണ്ടതാണ്.

## 3-5 വയോജന ക്ഷേമ പ്രവർത്തനങ്ങൾ- മാർഗ്ഗരേഖക്ക് വിരുദ്ധം

പദ്ധതി നമ്പർ-102/17

അടങ്കൽ-200000/-

പദ്ധതി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ.(എം.എസ്)നം.4/2016/തസ്വഭവ/ഖണ്ഡിക 7-7 പ്രകാരം ഉൽപാദന പരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, ആദരിക്കൽ തുടങ്ങിയവക്ക് വികസന ഫണ്ട് ചെലവഴിക്കുവാൻ പാടില്ല. എന്നാൽ ഇതിനു വിരുദ്ധമായി വയോജന ക്ഷേമം പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലന ക്ലാസ്സ്, യോഗ ക്ലാസ്, കലാമത്സരങ്ങൾ എന്നീ പരിപാടികൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

1.ബിൽ നമ്പർ-13/16-17/30.3.2017-25450-/രൂ.

| ഇനം | തുക |
|---|---|
| ഭക്ഷണം | 13500 |
| ബാനർ | 500 |
| ഫോട്ടോ | 250 |
| ഹോണറേറിയം | 4000 |

| | |
|---|---|
| മെറ്റീരിയൽസ് പരിശീലന ക്ളാസ്സ് | 7200 |
| ആകെ | 25450/- |

2.ബിൽ നമ്പർ-10/16-17/23.3.2017-83633/-രൂ

| ഇനം | തുക |
|---|---|
| പ്രിന്റിങ്ങ് | 13600/- |
| റിഫ്രഷ്മെന്റ് | 5447 |
| പ്രിന്റിങ്ങ് | 7700 |
| റിഫ്രഷ്മെന്റ് | 32886 |
| യോഗ ക്ളാസ്സ് | 24000 |
| ആകെ | 83633 |

3.ബിൽ നമ്പർ-6/16-17/4.2.2017/52670/-

| ഇനം | തുക |
|---|---|
| ഫ്ളക്സ് | 3600 |
| റിഫ്രഷ്മെന്റ് വാർഡ് ലെവൽ | 49070 |
| ആകെ | 52670/- |

4.2/16-17/21.11.2016-28031/-രൂ

| ഇനം | തുക |
|---|---|
| പ്രിന്റിങ്ങ് | 1200 |
| റിഫ്രഷ്മെന്റ് | 22250 |
| ഫോട്ടോ | 1220 |
| പ്രൈസ് | 2861/- |
| ഹോണറേറിയം | 500 |
| ആകെ | 28031/- |

മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. (189784/-)

## 3-6 ബാലസഭ-സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക തുക ചെലവഴിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പദ്ധതി മാർഗ്ഗരേഖ ഉത്തരവ് ജി.ഒ.(എംഎസ് )നം.4/2016/തസ്വഭവ/ പ്രകാരം

ബാലസഭ/ബാല പഞ്ചായത്ത് പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാവുന്ന തുക 35,000/-രൂ ആണ്. എന്നാൽ, ബാലസഭക്കായി 1,00,952/-രൂപയും കുട്ടികളുടെ ഗ്രാമസഭക്കായി 46,385/-രൂപയും അടക്കം 1,47,337/-രൂ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

1.ബിൽ നമ്പർ-9/16-17/20.3.2017-46,385/-രൂ.

ഗ്രാമസഭ ചെലവുകൾ

| | |
|---|---|
| സ്റ്റേഷനറി | 1290 |
| പ്രിന്റിങ്ങ് | 8000 |
| ഭക്ഷണം | 24145 |
| ബാനർ | 1250 |
| ഹോണറേറിയം | 10800 |
| ഫോട്ടോ | 900 |
| ആകെ | 46,385/- |

2.ബിൽ നമ്പർ-11/16-17/23.3.2017-100952/-രൂ

ബാലസഭ ചെലവുകൾ

| | |
|---|---|
| ഭക്ഷണം | 39352 |
| ബാനർ | 2000 |
| ഹോണറേറിയം | 16000 |
| ബാലസഭ ക്ളാസ്സുകൾ | 43600 |
| ആകെ | 100952/-രൂ |

ഉത്തരവിന് വിരുദ്ധമായി അധികം തുക ചെലവഴിച്ച 1,12,337 രൂപ (1,47,337-35,000= 1,12,337/-) തടസ്സപ്പെടുത്തുന്നു.

# 3-7 വിനിയോഗ സാക്ഷ്യ പത്രം ഇല്ല

| പദ്ധതി നമ്പർ/പദ്ധതിയുടെ പേര് | ബിൽ നമ്പർ/തുക | റിമാർക്സ് |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി | | |

| | | |
|---|---|---|
| 213/17 സമ്പൂർണ്ണ വൈദ്യുതീകരണം | 006723/3.3.2017-25,000/- | വിനിയോഗ സാക്ഷ്യപത്രം ഇല്ല . |
| 216/17 സാമൂഹ്യ സുരക്ഷ മിഷന് പ്രവർത്തന ഫണ്ട് നൽകൽ | 21/16-17/21.3.17-2,54,000/-<br>22/16-17 /21.3.2017-2,00,000/- | വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 215/17 ഉപ്പായിപ്പാടം റോഡിലെ പോസ്റ്റ് മാറ്റൽ | 23/16-17 /21.3.17-56597/- | ,, |
| 88/17 എബിസി പ്രോഗ്രാം | 75,000/- | ,, |
| നിർവ്വഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ | | |
| 55/2017ആശ്രയ സ്ഥലം വാങ്ങൽ ജനറൽ | 3/16-17 /10.3.2017-1,50,000/- | വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 57/17- ആശ്രയ സ്ഥലം വാങ്ങൽ എസ്.സി | 1/16-17/10.3.2017 150000/- | വിനിയോഗ സാക്ഷ്യപത്രം ഇല്ല. |
| 124/17 പി.എം.എ. വൈ. വിഹിതം കൈമാറൽ | 1/16-17/21.2.17-1,97,875/- | ,, |
| ആകെ | 11,08,472 | |

ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-8 ആയുർവേദ മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ-139/17

ബിൽ നമ്പർ-1/16-17/29.11.2016-200000/-

ബിൽ നമ്പർ-2/16-17/25.2.2017-400000/-

മരുന്ന് വാങ്ങലിനായി 6,00,000/-രൂപ ഔഷധിക്ക് കൈമാറിയതിൽ ആകെ 4,02,429/-രൂപക്കുള്ള മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ഔഷധിയുമായി ഉള്ള കരാർ

പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്ന് ലഭ്യമാക്കേണ്ടതായിരുന്നു. 3.3.2017 നാണ് കരാറിൽ ഒപ്പു വച്ചിരിക്കുന്നത്. മരുന്ന് എത്രയും വേഗം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ജനറേറ്റർ വാങ്ങൽ-അപാകതകൾ

പദ്ധതി നമ്പർ-89/17

ബിൽ നമ്പർ-28/16-17/31.3.2017 – തുക 3,25,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

മേൽ പദ്ധതി പ്രകാരം പവർ പോയ്ന്റ് എന്ന സ്ഥാപനത്തിൽ നിന്നും ജനറേറ്റർ വാങ്ങുകയും പഞ്ചായത്തിൽ സ്ഥാപിക്കുകയും ചെയ്തു. എന്നാൽ പ്രസ്തുത വാങ്ങൽ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നും സ്കീം അനുമതി വാങ്ങിയിട്ടില്ല. സ്കീം അനുമതി വാങ്ങാതെ ജനറേറ്റർ വാങ്ങിയത് ശരിയായ നടപടി അല്ല. നാളിതുവരെ എനർജൈസേഷൻ നടത്തിയിട്ടില്ല. എനർജൈസേഷൻ അനുമതി വാങ്ങി ജനറേറ്റർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ- 1/17.8.2017)

## 3-10 ഓഡിയോ വിഷ്വൽ റൂം സജ്ജീകരിക്കൽ

പദ്ധതി നമ്പർ-191/17

ബിൽ നമ്പർ-30/16-17/31.3.2017– തുക-267944/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ഓഡിയോ വിഷ്വൽ റൂം സജ്ജീകരിക്കൽ പദ്ധതി പ്രകാരം പ്രൊജക്ടർ, സ്ക്രീൻ, വൈറ്റ് ബോർഡ്, യു.പി.എസ്, സിസ്റ്റം വിത്ത് കാബിനറ്റ്, പവർ കോഡ്, ആപ്ലിഫയർ എന്നിവ വാങ്ങുന്നതിനായി ടെണ്ടർ വിളിക്കുകയും ഏറ്റവും കുറവ് ക്വാട്ട് ചെയ്ത *ഫോർകോം ഇൻഫ്രാടെക് സിസ്റ്റം ലിമിറ്റഡ്* എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങുകയും ചെയ്തു. 2,65,810/-രൂ ആയിരുന്നു ക്വാട്ട് ചെയ്തിരുന്നത്. എന്നാൽ ഇൻവോയ്സ് നമ്പർ-113/28.3.17 പ്രകാരം 2,84,130/-രൂപ ആണ് സാധനങ്ങളുടെ വിലയായി കാണിച്ചിരിക്കുന്നത് . സ്പെസിഫിക്കേഷനിലും ടെണ്ടറിലും സൂചിപ്പിക്കാതിരുന്ന ഡിജിറ്റൽ ക്യാമറ (വില-18,340/-രൂ)അധികമായി ഇൻവോയ്സിൽ ഉൾപ്പെടുത്തുകയും സപ്ളൈ ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ ബിൽ പ്രകാരം 2,67,944/-രൂപ നൽകി. ക്വാട്ട് ചെയ്തതിനേക്കാൾ 2,134/- രൂപ (2,67,944-2,65,810=2,134/-രൂപ ) അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.

4/17.8.2017) മറുപടിയായി ഡിജിറ്റൽ ക്യാമറ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയതാണെന്നും ക്യാമറ അത്യാവശ്യമായതിനാൽ വാങ്ങിയതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ആസൂത്രണമില്ലാതെ പദ്ധതികൾ നടപ്പിലാക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഓഡിയോ വിഷ്വൽ റൂം പഞ്ചായത്ത് കെട്ടിടത്തിൽ തന്നെയാണ് സജ്ജീകരിച്ചിരിക്കുന്നത്. നാളിതുവരെ പ്രവർത്തന സജ്ജമാക്കിയിട്ടില്ല എന്ന് ഭൗതിക പരിശോധനയിൽ കാണുകയുണ്ടായി. ആയതിനാൽ ചെലവു തുക 2,67,944/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-11 പ്രതിരോധ കുത്തിവെയ്പ്പ് /പാലിയേറ്റീവ് പ്രോഗ്രാം വാഹന വാടക -ഒരേ വ്യക്തിക്ക് രണ്ട് പദ്ധതിയിലും ഒരേ ദിവസം തുക നൽകി.

പദ്ധതി നമ്പർ-139/17(പ്രതിരോധ കുത്തിവെയ്പ്പ് പ്രോഗ്രാം)

പദ്ധതി നമ്പർ-146/17(പാലിയേറ്റീവ് പ്രോഗ്രാം)

ബിൽ നമ്പർ-2/16-17/22.10.2016-15150/-

ബിൽ നമ്പർ-6/16-17/21.12.2016-6500/-

ബിൽ നമ്പർ-10/16-17/27.2.2017-17300/-

KL64D-5521 എന്ന വാഹനമാണ് രണ്ട് പദ്ധതിയിലും വാടകക്കായി എടുത്തിരിക്കുന്നത്. രണ്ട് പദ്ധതികളും പരിശോധിച്ചതിൽ ഒരേ ദിവസം തന്നെ രണ്ട് പദ്ധതിക്കായും വാഹനം ഓടിയതായി കാണിച്ച് തുക നൽകിയിട്ടുണ്ട്. 20.6.2016, 11.7.2016, 16.8.16, 23.8.2016, 19.9.2016, 15.10.2016, 17.10.2016, 28.1.2017, 30.1.2017, 31.1.2017 എന്നീ ദിവസങ്ങളിൽ രണ്ട് പദ്ധതിക്കായും വണ്ടി ഓടിയതായി വാടക വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (എൻക്വയറി നമ്പർ-7/18.8.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത ദിവസങ്ങളിൽ പാലിയേറ്റീവ് ഡയറി പ്രകാരം ഹോം കെയറിനായി പോയിട്ടുണ്ട്. ആയതിനാൽ പ്രതിരോധ കുത്തിവെയ്പ്പിന് ഓടിയ ഇനത്തിൽ നൽകിയ വണ്ടി വാടക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. വിശദാംശം താഴെ ചേർക്കുന്നു.

| തിയ്യതി | തുക |
|---|---|
| 20.6.16 | 700 |
| 11.7.16 | 800 |
| 16.8.16 | 900 |
| 23.8.16 | 300 |

| | |
|---|---|
| 19.9.16 | 900 |
| 15.10.16 | 900 |
| 17.10.16 | 900 |
| 28.1.17 | 1000 |
| 30.1.17 | 850 |
| 31.1.17 | 850 |
| ആകെ | 8100/- |

# 3-12 പെയ്ൻ ആന്റ് പാലിയേറ്റീവ് -അപാകതകൾ

പദ്ധതി നമ്പർ-146/17

ബിൽ നമ്പർ-5/16-17/21.12.2016/40,960/-

ബിൽ നമ്പർ-11/16-17/27.2.2017-35,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

1.പെയ്ൻ ആന്റ് പാലിയേറ്റീവ് പദ്ധതിയിൽ വാഹന വാടക നൽകുന്നതിന് 10/16 മുതൽ 6 മാസത്തേക്ക് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ 3/16 മുതൽ 9/16 വരേയും വാടക നൽകിയിട്ടുണ്ടെങ്കിലും ക്വട്ടേഷൻ പ്രസ്തുത കാലയളവിലേക്ക് നൽകിയതായി കാണുന്നില്ല.

2.ബിൽ നമ്പർ-14/16-17/9.3.2017 പ്രകാരം 60,800/-രൂ പിൻവലിച്ച് KMSCL ന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായതായി കാണുന്നില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3.പാലിയേറ്റീവ് കുടുംബ സംഗമത്തിന് ബെഡ് ഷീറ്റ് 65 എണ്ണം വാങ്ങിയിട്ടുണ്ട്. (ബിൽ നമ്പർ-19266/27.1.2017-9,750/-രൂ, കേരള സിൽക്സ്). എന്നാൽ വിതരണം ചെയ്തതിന്റെ രേഖകൾ ഇല്ല.

# 3-13 ആശ്രയ പദ്ധതിയിൽ ഭവന പുനരുദ്ധാരണം-ചെലവ് രേഖകൾ ഇല്ല

പദ്ധതി നമ്പർ-56/16-17-ജനറൽ

പദ്ധതി നമ്പർ-58/16-17 എസ്. സി

നിർവ്വഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ

ബിൽ നമ്പർ- 2/16-17/0.3.2017-1,00,000/-(ജനറൽ)

ബിൽ നമ്പർ- 4/16-17/10.3.2017-3,25,000/-(എസ്. സി)

ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന പുനരുദ്ധാരണ പദ്ധതിക്കായി 1,00,000/-രൂപയും 3,25,000/-രൂപയും യഥാക്രമം ജനറൽ, എസ്.സി. വിഭാഗക്കാർക്കായി കൈമാറിയിരുന്നു (കുടുംബശ്രീ മെംമ്പർ സെക്രട്ടറിക്ക് ). ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന രേഖകൾ ഫയലിൽ ഇല്ല.

1.വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്നതിനുള്ള രേഖ

2.ഓവർസിയറുടെ വാല്യുവേഷൻ

3.എസ്. സി. ഗുണഭോക്താവാണെന്ന് തെളിയിക്കുന്നതിനുള്ള ജാതി സർട്ടിഫിക്കറ്റ്

4.കരാർ

1,80,000/-രൂപ കൈമാറിയിട്ടുണ്ടെങ്കിലും മേൽ രേഖകൾ ഹാജരാക്കാത്തതിനാൽ ആകെ ചെലവു തുക 4,25,000/- രൂപ (1,00,000/-3,25,000/-രൂ )തടസ്സപ്പെടുത്തുന്നു.

## 3-14 അംഗൻവാടിയിലേക്ക് ഫർണീച്ചർ വാങ്ങൽ- കസേരകൾ വാങ്ങിയത് ഭൗതിക പരിശോധനയിൽ കുറവ്

പദ്ധതി നമ്പർ-167/16-17

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അംഗൻവാടി 106 ലേക്ക് ഫർണിച്ചർ വാങ്ങൽ എന്ന പദ്ധതി പ്രകാരം താഴെ പറയും പ്രകാരം ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

അലമാര-1

ഓഫീസ് ടേബിൾ-1

കസേര (കൈ ഇല്ലാത്തത്)-60

22.8.2017 ന് പഞ്ചായത്തിലെ ഓവർസിയർ, തൊഴിലുറപ്പ് പദ്ധതി ഓവർസിയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ 50 കസേരകൾ മാത്രമേ അംഗൻവാടിയിൽ ഉള്ളതായി കണ്ടുള്ളൂ. 50 കസേരകൾ മാത്രമേ അംഗൻവാടിയിലെ സ്റ്റോക്ക് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടുള്ളൂ. 506.50 രൂ നിരക്കിൽ *സൂപ്പർഷൈൻ ഇൻഡസ്ട്രീസ്* എന്ന സ്ഥാപനത്തിൽ നിന്നാണ് പ്രസ്തുത ഫർണിച്ചറുകൾ വാങ്ങിയിരിക്കുന്നത്. (ഇൻവോയ്സ് നമ്പർ-043/21.2.2017). സ്റ്റോക്കിൽ കുറവ് വന്ന 10 എണ്ണം കസേരയുടെ വില നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കേണ്ടതാണ്. (506.50 x 10 = 5065 + 14.5% വാറ്റ് ., 734 = 5,799/-രൂപ) ലഭിക്കാത്ത വസ്തുവിന് നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-15 സീനിയർ വെറ്ററിനറി സർജൻ നിർവഹണോദ്യോഗസ്ഥനായ പ്രത്യേക കന്നുകുട്ടി പരിപാലനം -വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

ഈ പദ്ധതിയിൽ 50 ഗുണഭോക്താക്കൾക്കായി, വികസനഫണ്ട് 3,12,500/ രൂപ ( ബിൽ നം.KVP Bill no-1/16-17 dt.30/1/17) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ, SLBP, തൃശ്ശൂരിന് കൈമാറിയിട്ടുണ്ട്. 5 മാസത്തെ തീറ്റ വിതരണം ചെയ്തതിനിടയിൽ തന്നെ 2 ഗുണഭോക്താക്കൾ, ലിന്റോ ഡേവീസ്, ചിറയത്ത്, കട്ടപ്പൂക്കര, ശ്രീ.വീരാൻ, ഞാറക്കാട്ടിൽ, കാവനാട് എന്നിവർ പദ്ധതിയിൽ നിന്നും പിൻവാങ്ങിയതായി കാണുന്നുണ്ട്. പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതോടൊപ്പം തന്നെ ഇത്തരത്തിൽ പദ്ധതിയിൽ നിന്നും വിട്ടുതൽ ചെയ്തു പോയവർക്ക് വേണ്ടി അടവാക്കിയ തുക SLBP ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-16 അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ, കാട്ടിക്കുന്ന്, ആനപ്പാറ സാംസ്കാരിക നിലയത്തിലേയ്ക്ക് ഫർണിച്ചർ വാങ്ങൽ പ്രോജക്ട്-ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പദ്ധതി നമ്പർ-54/17, കാട്ടിക്കുന്ന്, ആനപ്പാറ സാംസ്കാരികനിലയത്തിലേയ്ക്ക് ഫർണിച്ചർ എന്ന പ്രോജക്ടിൽ ഫർണിച്ചർ വാങ്ങുന്നതിനായി നടത്തിയ ക്വൊട്ടേഷനിൽ 4 സ്ഥാപനങ്ങൾ പങ്കെടുത്തു. ഇതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സൂപ്പർ ഷൈൻ, ആളൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാതെ, തൊട്ട് മുളിലുള്ള നിരക്ക് ക്വോട്ട് ചെയ്ത, സ്റ്റൈൽ ഒ സ്റ്റീൽ എന്ന സ്ഥാപനത്തിൽ നിന്നുമാണ് സാധനങ്ങൾ വാങ്ങിയിരിയ്ക്കുന്നത്. വിലയിലുയുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | സ്റ്റൈൽ ഒ | സൂപ്പർഷൈൻ | വിലയിലെ | ആകെ |
|---|---|---|---|---|---|

| | | സ്റ്റീൽ ക്വാട്ട് ചെയ്തവില (1 എണ്ണം) | ഇന്റസ്ട്രീസ് ക്വാട്ട് ചെയ്ത വില (1 എണ്ണം) | വ്യത്യാസം | (എണ്ണം x വ്യത്യാസം) |
|---|---|---|---|---|---|
| ഫോൾഡിംഗ് ചെയർ | 38 | 2825 | 2675 | 150 | 38x150=5700 |
| പ്ലാസ്റ്റിക് മോൾഡിംഗ് ചെയർ-വിത്ത് ആം | 60 | 605 | 590 | 15 | 60x15=900 |
| പ്ലാസ്റ്റിക് മോൾഡിംഗ് ചെയർ-വിത്തൗട്ട് ആം | 400 | 485 | 475 | 10 | 400x10=4000 |
| എക്സിക്യൂട്ടീവ് ചെയർ | 10 | 3685 | 2750 | 935 | 10x935=9350 |
| പോഡിയം | 1 | 15275 | 14000 | 1275 | 1x1275=1275 |
| ആകെ വ്യത്യാസം | | | | | 21225 |

ഉയർന്ന നിരക്ക് ക്വോട്ട് ചെയ്ത സ്റ്റൈൽ ഒ സ്റ്റീൽ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയത് മൂലം പഞ്ചായത്തിന് വികസനഫണ്ട് (SCP) 21225/ രൂപയുടെ നഷ്ടമുണ്ടായതായി കാണുന്നു. കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ അംഗീകരിക്കാനിടയായ സാഹചര്യം വ്യക്തമല്ല. ഇക്കാര്യത്തിൽ പർചേസ് കമ്മറ്റി അംഗീകരിച്ചതിന്റെ രേകകളും ഫയലിൽ ലഭ്യമല്ല. ആയതിനാൽ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-17 ആശ്രയ അക്കൗണ്ടിൽ വലിയ തുക നീക്കിയിരിപ്പ്

ആശ്രയക്കായി ആരംഭിച്ചിട്ടുള്ള ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ-10700171089 ൽ 13.7.2017 പ്രകാരം നീക്കിയിരിപ്പ് 17,13007/-രൂ ആണ്.സമൂഹത്തിലെ ഏറ്റവും അവശരായ ആശ്രയ ഗുണഭോക്താക്കൾക്കായി ലഭ്യമാകുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 കംഫർട്ട് സ്റ്റേഷന് വേണ്ടി കുഴൽകിണർ നിർമ്മാണം -കംഫർട്ട് സ്റ്റേഷൻ പ്രവർത്തന ക്ഷമമായിട്ടില്ല.

പദ്ധതി നമ്പർ-198/17

ബിൽ നമ്പർ-16/16-17/31.3.2017 – തുക 1,00,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

മാള ബസ്സ്റ്റാന്റിൽ പ്രവർത്തിക്കുന്ന കംഫർട്ട് സ്റ്റേഷന് വേണ്ടി കുഴൽ കിണർ നിർമ്മിക്കുന്നതിനായി ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, തൃശ്ശൂരിന് തുക കൈമാറി. കുഴൽ കിണർ നിർമ്മാണം മാത്രമേ പൂർത്തീകരിച്ചതായി പരിശോധനയിൽ കാണുന്നുള്ളൂ. എന്നാൽ താഴെ പറയുന്ന അപാകതകൾ പദ്ധതി നടത്തിപ്പിൽ കാണുന്നു.

1.വിനിയോഗ സാക്ഷ്യപത്രം ,കംപ്ളീഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

2.കംഫർട്ട് സ്റ്റേഷനു വേണ്ടി നിർമ്മിച്ച കുഴൽ കിണറിലുള്ള ജലം നിലവിൽ പഞ്ചായത്ത് ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്. കംഫർട്ട് സ്റ്റേഷനിലേക്ക് ഉള്ള പൈപ്പുകൾ സ്ഥാപിച്ചിട്ടില്ല. കംഫർട്ട് സ്റ്റേഷൻ പ്രവർത്തന ക്ഷമമായിട്ടില്ല എന്നാണ് അറിയിച്ചത്.

മേൽ കാരണങ്ങളാൽ ചെലവ് തുക (1,00,000/-) തടസ്സപ്പെടുത്തുന്നു.

## 3-19 ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായില്ല.

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ ഗവ. ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി 1,00,000/ രൂപ (ബിൽ നം.1/2016-17, dt.20/1/17) പ്രകാരം കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് ഫാർമസി-യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| തുക ലഭിച്ച വർഷം | മുൻബാക്കി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | | | | | |

| | | | | | |
|---|---|---|---|---|---|
| 2016-17 | | 3,00,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 1,93,000 | 1,07,000 |
| | | 1,80,000 | സമഗ്ര നെൽകൃഷി വികസന പദ്ധതി | 1,80,000 | |
| 2013-14 | | 4,22,380 | ഗ്രാമ വെളിച്ചം | 0 | 4,22,380 |
| ബ്ലോക്ക് പഞ്ചായത്ത് 2016-17 | | 3,00,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 3,00,000 | 0 |
| | | 1,00,000 | പാൽ ഇൻസെന്റീവ് | 10,000 | 0 |
| | 1,38,560 | | | | 1,38,560 |
| | | | | | 6,67,940 |

ബാലൻസ് ഷീറ്റ് ബി4 പത്രിക പ്രകാരമുള്ള മുഴുവൻ തുകയും കൺസോളിഡേറ്റഡ് ഫണ്ടിൽ അതാത് ഹെഡ് ഓഫ് അക്കൗണ്ട് ROP 911 ൽ തിരികെ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർനമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | ചെക്ക് നമ്പർ 6723 തീയതി 3.3.2017 | 25,000 | | 25,000 |
| കെ.എസ്.ഇ.ബി | ഉപ്പലായി പടം റോഡിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | | 63,132 | | 63,132 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കുഴൽ കിണർ നിർമാണം | വൗച്ചർ നമ്പർ 21601193 തീയതി 10.03.2017 | 1,00,000 | | 1,00,000 |
| | | ആകെ | 1,88,132 | | 1,88,132 |

നിക്ഷേപ പ്രവൃത്തിക്ക് നൽകിയ വിനിയോഗിക്കാത്ത തുക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 2,00,00/- രൂപ ആണ്. ആയതും ഈ ഖണ്ഡികയിലെ തുകയും പൊരുത്തപ്പെടുത്തേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/ വായ്പതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15413196 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 1328048 |
| ആകെ | 16741244 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 16741244 |

2015-16 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | സ്ഥിരനിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | 8000 910 4437 | 18045 |
| 2 | 8000 827 4604 | 1561173 |
| 3 | 8000 5694394 | 2561762 |
| 4 | 8000 569 4418 | 2561762 |
| 5 | 8000 569 4429 | 1280881 |
| 6 | 8000 651 7404 | 2952409 |
| 7 | 8000 754 6218 | 5652545 |
| 8 | 8000 910 4437 | 18045 |
| | പലിശ | 16741244 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും,ഉദ്യോഗപ്പേരും | രശീതി നമ്പർ/ തിയതി |
|---|---|---|---|---|
| 1999-00 | ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 1999-00 | 2702 | ശ്രീ.കുഞ്ഞിക്കുട്ടൻ | 11603400004/ 07.04.2016 |

| | | | | |
|---|---|---|---|---|
| 1999-00 | ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 99-00 | 2702 | ശ്രീ.കുഞ്ഞിക്കുട്ടൻ | 11603500003/ 08.04.2016 |
| -- | ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് | 3333 | ശ്രീ.ടി.സി രവി | 116035000004/ 08.04.2016 |
| 1999-00 | ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 99-00,(43) | 300 | മാനേജർ , പെരേപ്പാടൻ ഗ്യാസ് ഏജൻസീസ് | 11603100549/ 19.04.2016 |
| 1999-00 | ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 99-00 (52) | 70 | സെക്രട്ടറി മാള ഗ്രാമപഞ്ചായത്ത് | 11603100551/ 19.04.2016 |
| -- | -- | 510 | സെക്രട്ടറി , മാള ഗ്രാമപഞ്ചായത്ത് | 11603100551/ 19.04.2016 |
| 1999-00 | 1999-00 (c) | 99 | കെ.യു ആലിക്കുട്ടി | 11603100553/ 19.04.2016 |
| 1999-00 | 1999-00 (43) | 1250 | മാനേജർ , കാത്തലിക്ക് യൂണിയൻ ചിട്ടീസ്. | 11603100606/ 22.04.2016 |
| 1999-00 | 1999-00 (44) | 240 | ഹെഡ്മിസ്ട്രസ്, പി.എം.എൽ.പി.യു.പി സ്കൂൾ | 11603100622/ 22.04.2016 |
| -- | --(43) | 600 | മാനേജർ ,ഐ.സി.ആർ.ഡി | 11603100623/ 22.04.2016 |
| 1999-00 | 1999-00 (54) | 220 | കെ.യു ആലിക്കുട്ടി | 11603100628/ 22.04.2016 |
| 1999-00 | 1999-00 (44) | 360 | ഹെഡ് മിസ്ട്രസ്സ് ,എസ്.സി.എൽ .പി സ്കൂൾ | 11603100629/ 22.04.2016 |
| -- | -- | 1250 | എ.സി.ഫോൻസി, സെൻറ് ആൻ്റണീസ് ഹയർ സെക്കൻഡറി സ്കൂൾ | 11603100630/ 22.4.2016 |
| 1999-00 | 1999-00 (44) | 600 | സബ് രജിസ്റ്റർ ഓഫീസ് വടമ | 11603100631/ 22.04.2016 |
| 1999-00 | 1999-00 (46) | 100 | ബാബു കണ്ണത്ത് | 11603100661/ 23.04.2016 |
| 1999-00 | 1999-00 (31) | 954 | സെക്രട്ടറി ,മാള ഗ്രാമപഞ്ചായത്ത് | 11603100662/ 23.04.2016 |
| 1999-00 | 1999-00 (63) (a,b,c) | 1069 | സെക്രട്ടറി ,മാള ഗ്രാമപഞ്ചായത്ത് | 11603100782/ 27.04.2016 |
| 1998-99 | 1998-99(5) | 600 | മാനേജർ, അഷ്ടമിച്ചിറ എസ്.സി.ബി | 11603100782/ 27.04.2016 |

| | | | | |
|---|---|---|---|---|
| 1998-99 | 1998-99(5) | 200 | ശ്രീ.എം.കെ കുഞ്ഞപ്പൻ | 11603100798/ 28.04.2016 |
| 2012-13 | 2012-13,3(1) | 5357 | ശ്രീ.കെ.എം അഷ്റഫ് | 11603100894/ 02.05.2016 |
| 1998-99 | 1998-99(5) | 400 | ശ്രീ.കെ.ബി.രവീന്ദ്രൻ | 11603101252/ 19.05.2016 |
| 1998-99 | 1998-99(7) | 220 | ശ്രീ.എം.പി വിശ്വനാഥൻ | 11603101253/ 19.05.2016 |
| 1992-94 | 1992-94(38) | 623 | ശ്രീ.സി.ഒ തോമസ് | 11603101419/ 27.05.2016 |
| 1996-97 | 1996-97,22(1) | 25 | ശ്രീമതി.ഐ.കെ മേരി | 11603101529/ 30.05.2016 |
| 1996-97 | 1996-97,22(2) | 50 | ശ്രീ. പി രമേഷ് | 11603101530/ 30.05.2016 |
| 1996-97 | 1996-97,22(3) | 200 | ശ്രീ.എം.പി ഉണ്ണികൃഷ്ണൻ | 11603101531/ 30.05.2016 |
| -- | -- | 200 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | 11603101532/ 30.05.2016 |
| 1996-97 | 1996-97,22(4) | 175 | പ്രിൻസിപ്പാൾ, മാള ഐ.ടി.ഐ | 11603101533/ 30.05.2016 |
| 1999-00 | 1999-00(12) | 2702 | ശ്രീ.ടി.കുഞ്ഞിക്കുട്ടൻ | 11603400005/ 01.06.2016 |
| 1998-1999 | 1998-99(12) | 1999 | ശ്രീമതി രമണി | 11603101710/ 03.06.2016 |
| 1996-97 | 1996-97(27) | 507 | ശ്രീ.പി.പി.ജേക്കബ് | 11603101755/ 04.06.2016 |
| 1996-97 | 1996-97(28) | 600 | ശ്രീ.ഫ്രാങ്ക്ളിൻ | 11603101756/ 04.06.2016 |
| 1996-97, 1992-94 | 1996-97(23(a), 23(b), 1992-94(39) | 293 | ശ്രീ.ഫ്രാങ്ക്ളിൻ | 11603101760/ 04.06.2016 |
| 1985-86 | 1985-86(33) | 1145 | ശ്രീ.എം.കെ പൗലോസ് | 11603102092/ 17.06.2016 |
| -- | --(38) | 1830 | ശ്രീ.ടി.ഡി.ആന്റണി | 11603102093/ 17.06.2016 |
| 1999-00 | 1999-00(30) | 10296 | ശ്രീ.കെ.സി. ഫ്രാൻസിസ് | 11603102413/ 05.07.2016 |
| 1992-93 | 1992-93(37) | 118 | ശ്രീ.കെ.സി. വേലായുധൻ | 11603102451/ 08.07.2016 |
| -- | --,6(c) | 1250 | ഇലക്ട്രിക്കൽ സെക്ഷൻ മാള | 11603102452/ 08.07.2016 |
| 1996-97 | 1996-97(39) | 440 | ശ്രീ.കെ.ടി. ആന്റണി | 11603102453/ 08.07.2016 |
| 1996-97 | 1996-97(29) | 750 | സെക്രട്ടറി | 11603102454/ 08.07.2016 |

| | | | | |
|---|---|---|---|---|
| 1997-98 | 1997-98(16) | 1246 | കൺവീനർ | 11603102455/ 08.07.2016 |
| 1999-00 | 1999-00(30) | 1124 | ശ്രീ.കെ.പി.ജോസഫ് | 11603102466/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.14(6) | 1500 | ശ്രീ. ടി. കെ. ഉമ്മർ | 11603102467/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.3(1) | 75 | ശ്രീമതി. സിന്ധു ഗോപാലകൃഷ്ണൻ | 11603102467/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.3(2) | 75 | ശ്രീ.ജിമ്മി.എൻ.ജെ | 11603102469/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.3(3) | 75 | ശ്രീ.ഷെഹീർ | 11603102470/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.3(4) | 100 | ശ്രീ.അജിത് കുമാർ | 11603102471/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.3(5) | 50 | ശ്രീ.ശങ്കരനാരായണൻ | 11603102472/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.3(6) | 125 | ശ്രീ.ആന്റോ | 11603102473/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.14(1) | 1800 | ശ്രീ.പി.ഒ. പോൾ | 11603102474/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.14(2) | 300 | ശ്രീ.കെ.ടി. ഡേവീസ് | 11603102475/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.5(1) | 50 | ശ്രീ.പി.കെ. ഭാസി | 11603102476/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.14(4) | 200 | ശ്രീമതി. ജ്യോതി പ്രവീൺകുമാർ | 11603102477/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.14(5) | 100 | ശ്രീ.സി.എസ് രംഗമല്ലൻ | 11603102478/ 11.07.2016 |
| 2014-15 | 2014-15, എൻക്വയറി.14(3) | 3000 | ശ്രീമതി. രേഖ ഷജിൻ | 11603102482/ 11.07.2016 |
| 2014-15 | 2014-15,എൻക്വയറി.4 | 390 | പ്രിൻസിപ്പാൾ,ഹോളി ഗ്രേസ് അക്കാദമി ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് | 11603102490/ 11.07.2016 |
| 1999-00 | 1999-00(65) | 521 | ശ്രീ.കെ.ആർ.ചന്ദ്രൻ | 11603102752/ 22.07.2016 |
| 1999-00 | 1999-00(71) | 2702 | ശ്രീ.കുഞ്ഞിക്കുട്ടൻ | 11603400006/ 09.08.2016 |
| 2014-15 | 2014-15(3.2) | 9126 | ശ്രീമതി.ഷീല രഘു | 11603106063/ 17.10.2016 |
| -- | -- | 2823 | തഹസിൽദാർ | 11603400028/ 12.01.2017 |
| 1999-00 | 1999-00(80) | 15924 | ശ്രീ. ജാഫർ | 11603500158/ 10.03.2017 |
| ആകെ | | 87645 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000 | 2003-2004/ ഖണ്ഡിക 3(8)10 | | റവന്യൂ റിക്കവറിക്ക് കത്ത് നൽകിയിട്ടുണ്ട്. |
| | 2011-12/ ഖണ്ഡിക 3.3.6.1 | | ലഭ്യമായ സമയത്ത് അംഗൻവാടി കെട്ടിടം പണിയുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. |
| | 2013-14 / ഖണ്ഡിക 6.2.3 | | ഡെപ്പോസിറ്റ് ഇനത്തിൽ നിന്നും വാടക ഇനത്തിലേക്ക് വരവുവെയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 64531230 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54748053 |
| വരവിനങ്ങളിലുള്ള നഷ്ടം | 2030 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35124 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2274087 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |
| 2-6 | 2030 | | എസ്.കൃഷ്ണകുമാരി, സെക്രട്ടറി |
| 3-11 | | 8100 | ഡോ.പി എസ്.ആശ, മെഡിക്കൽ ഓഫീസർ അലോപ്പതി |
| 3-14 | | 5799 | ശ്രീ.ശ്രീദേവി.സി.പി സെക്രട്ടറി |
| 3-16 | | 21225 | ശ്രീ. ഷാജി, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 2030 | 35124 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 189784 | സൽവി. കെ. ഡി, ഐ.സി.ഡി.എസ് സൂപ്പർ വൈസർ |
| 3-6 | 112337 | ,, |
| 3-7 | 6,10,597 | സെക്രട്ടറി, ശ്രീദേവി |
| 3-7 | 4,97,875 | വി.ഇ.ഒ., വഹീത ബീബി |
| 3-10 | 2,67,944 | സെക്രട്ടറി, ശ്രീദേവി |
| 3-12 (2)&(3) | 60,800<br>9,750 | ഡോ.ആശ. പി. എസ്. |
| 3-13 | 4,25,000 | ഷാജി. കെ. കെ., അസിസ്റ്റന്റ് സെക്രട്ടറി (മെമ്പർ സെക്രട്ടറി, |

| | | |
|---|---|---|
| | | കുടുംബശ്രീ) |
| 3-18 | 1,00,000 | സെക്രട്ടറി, ശ്രീദേവി |
| ആകെ | 22,74,087 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എസ്. കൃഷ്ണകുമാരി, സെക്രട്ടറി | വിരമിച്ചു. | "തിരുവാതിര", കരുമാലൂർ |
| ശ്രീമതി. പി. എസ്. ആശ | മെഡിക്കൽ ഓഫീസർ സി. എച്ച്. സി, മാള ഗ്രാമപഞ്ചായത്ത് | മാഞ്ഞൂരാൻ ഹൗസ്, മാള |
| ശ്രീമതി. ശ്രീദേവി. സി. പി. | സെക്രട്ടറി, മാള ഗ്രാമപഞ്ചായത്ത് | മുണ്ടോളിൽ ഹൗസ് ചെമ്പുക്കാവ് ടെംപിൾ റോഡ്, ചെമ്പുക്കാവ്. |
| ശ്രീ. ഷാജി. കെ. കെ. | അസിസ്റ്റന്റ് സെക്രട്ടറി, മാള ഗ്രാമപഞ്ചായത്ത് | കുട്ടാട്ട് ഹൗസ് എറിയാട്. |

# 4-9 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ |
|---|---|

| | കത്തിടപാടിന്റെ വിവരം |
|---|---|
| 96-97 | എൽ.എഫ്.ടി.പി.12-465/98 /26.9.98 |
| 97-98,ചെലവ് | എൽ.എഫ്.ടി.പി.13-1108/99 /18.3.00 |
| 97-98,വരവ് | എൽ.എഫ്.ടി.13-1597/01 /17.4..02/2.8.02 |
| 98-99,ചെലവ് | എൽ.എഫ്.ടി.13- -345/00 /13.2.00 |
| 98-99 വരവ് | എൽ.എഫ്.ടി.13-1596/01 /17.4.02/2.8.02 |
| 99-00 | എൽ.എഫ്.ടി..13-1379/02 /7.5.03 |
| 2000-01 | എൽ.എഫ്.ടി..13-1657/01 /3.3.02 |
| 01-02 | എൽ.എഫ്.ടി.13-1355/06 /3.1.06 |
| 01-02,പ്ലാൻ | എൽ.എഫ്.ടി.13-1529/04 /1.7.04 |
| 02-03 | എൽ.എഫ്.ടി.(പി.4)51/14 /14.3.14/3.7.14 |
| 03-04 | |
| 04-05 | |
| 05-06 | |
| 06-07 | |
| 07-08 | എൽ.എഫ്.ടി.പി.4-1903/11 /31.12.11 |
| 08-09 | എൽ.എഫ്.ടി.പി4/1904 /12/31.12.11/09.03.12 |
| 09-10,10-11 | എൽ.എഫ്.ടി.പി4-1905/12 /18.02.13/16.07.13 |
| 11-12 | എൽ.എഫ്.ടി.പി4/1415/ 13/10.03.14/02.05.14 |
| 12-13 | എൽ.എഫ്.ടി.പി4/1719/ 14/4.2.15/10.2.15 |
| 13-14 | കെഎസ്എ ടിഎസ്ആർ(പി4) 1195/15 /15.10.15/21.10.15 |
| 14-15 | ടിഎസ്ആർ(പി4) 1210/16 |

| | |
|---|---|
| | /22.07.16 |
| 2015-16 | നം.കെ.എസ്.എ.<br>ടി.എസ്.ആർ.<br>(പി-4)/1907/16 തീയതി:<br>11.11.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ(പി.4)1417/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680020
ഫോൺ- 0487 2331240
തീയ്യതി: 4.10.2017
ഇ.മെയിൽ-dotsr.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മാള ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാള ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

No.KSA.TSR(P4)1417/2017

Kerala State Audit Department

District Audit Office, Thrissur-20

Phone: 0487 2331249

E.mail- dotsr.ksad@kerala.gov.in

Date:4.10.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Mala Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mala Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur